# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ

രജിസ്റ്റർ നമ്പർ 263/88

## ജില്ലാകമ്മറ്റി, മലപ്പുറം

## സർക്കുലർ 5/2016-17

സുഹൃത്തെ,

കേരള എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ജില്ലാകമ്മിറ്റി യോഗം 02-12-2016 ന് ഉച്ചയ്ക്ക് 2 മണിക്ക് ജില്ലാ പ്രസിഡന്റ് കെ.പ്രദീപ് കുമാറിന്റെ അദ്ധ്യക്ഷതയിൽ മലപ്പുറം എക്സൈസ് ഭവനിൽവെച്ച് ചേർന്നു.

ലോകവിപ്ലവ ഇതിഹാസം ഫിദൽ കാസ്ട്രോ, കർണ്ണാടിക് സംഗീത കുലപതി ബാലമുരളീകൃഷ്ണ, എറണാകുളം ഡിവിഷനിലെ അസി.എക്സൈസ് ഇൻസ്പെക്ടർ ബി.മുരളി, വിമാനാപകടത്തിൽ കൊല്ലപ്പെട്ട ബ്രസീലിയൻ ഫുട്ബോൾ കളിക്കാർ എന്നിവരുടെ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ ജില്ലാകമ്മിറ്റി കാലയളവിനുശേഷം നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ജില്ലാസെക്രട്ടറി വിശദീകരിച്ചു. കലാകായികമേളയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി നടത്തിയ പരിശീലന ക്യാമ്പും അതലറ്റിക് പരിശീലനവുമടക്കമുള്ള പരിപാടികളിൽ സംഘടനയുടെ സജീവസാനിധ്യം വിശദീകരിച്ചു. കണ്ണൂരിൽ നടന്ന സംസ്ഥാന കലാകായികമേളയിൽ  മലപ്പുറം ഡിവിഷന് വമ്പിച്ച മുന്നേറ്റമുണ്ടാക്കുവാനും കലാവിഭാഗത്തിൽ കിരീടവും, കായികവിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയതും വിശദീകരിച്ചു. മേളയിൽ പങ്കെടുത്ത ഓരോ ജീവനക്കാരും മലപ്പുറത്തിന്റെ യശസ്സുയർത്തിപ്പിടിക്കുന്നതിന് കഠിനപ്രയത്നം ചെയ്തതായി സെക്രട്ടറി റിപ്പോർട്ടിൽ സൂചിപ്പിച്ചു.

ജനറൽ വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യനായ ശ്രീ.കെ.കെ. ഗോപിനാഥൻ, കലാപ്രതിഭ ശ്രീ.ബി. ഹരികുമാർ,  വ്യക്തിഗതചാമ്പ്യൻ പട്ടത്തിന് തൊട്ടടുത്തെത്തിയ സർവ്വശ്രീ. പി.സി. സുനിൽകുമാർ, പി.ബിജു, ജയപ്രകാശ്.എം, എംപി മുഹമ്മദാലി, മനോജ് കുമാർ.കെ, റിലേ ടീമംഗങ്ങൾ, കലാകിരീടനേട്ടത്തിന് 16 പോയന്റ് നേടിത്തന്ന  ഒപ്പന, തിരുവാതിര ടീമംഗങ്ങൾ തുടങ്ങി ഓരോ ഇനത്തിലും മലപ്പുറത്തിന്റെ നില സ്കോർബോർഡിൽ   ഉയരങ്ങളിലേക്കെത്തിച്ച കലാകായിക താരങ്ങൾ, പരിപാടികളിൽ പങ്കെടുത്തും പ്രോത്സാഹിപ്പിച്ചും  നമ്മുടെ യശസ്സുയർത്തിയ മുഴുവൽ ജീവനക്കാരെയും, ടീമിന്റെ വിജയത്തിന് ചുക്കാൻ പിടിച്ച് മുഴുവൻ സമയവും നമ്മോടൊപ്പം നിന്ന സ്പോർട്സ് ഓഫീസർ സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എം. രാകേഷ് എന്നിവർക്കും യോഗം അഭിനന്ദനങ്ങൾ അർപ്പിച്ചു. തുടർന്ന് മെമ്പർഷിപ്പ് കാമ്പയിൻ അടക്കമുള്ള ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ജന.സെക്രട്ടറി ശ്രീ.കെ.രാമകൃഷ്ണൻ വിശദീകരിച്ചു. തുടർന്ന് നടന്ന സജീവമായ ചർച്ചക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

തീരുമാനങ്ങൾ

1) മെമ്പർഷിപ്പ് കാമ്പയിൻ മൂന്ന് ദിവസങ്ങളിലായി ഡിസംബർ 14-ാം തിയ്യതിക്ക് ശേഷം 20-ാം തിയ്യതിക്കുള്ളിലായി മേഖലതിരിച്ച് സ്ക്വാഡ് പ്രവർത്തനങ്ങളിലൂടെ പൂർത്തീകരിക്കാൻ തീരുമാനിച്ചു.

2) സംസ്ഥാന കലാകായിക മേളയിൽ പങ്കെടുത്ത് വിജയിച്ച ജീവനക്കാർക്ക് ഡിസംബർ 14-ാം തിയ്യതി നടത്തുന്ന അനുമോദന ചടങ്ങ് വിജയിപ്പിക്കുവാൻ തീരുമാനിച്ചു.

3) മലപ്പുറം റെയ്ഞ്ചിലെ പ്രിവന്റീവ് ഓഫീസർ ഡി.വി.ജയപ്രകാശിനെ സംഘടനാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ 6 മാസത്തേക്ക് സംഘടനയിൽനന്ന് സസ്പെന്റ് ചെയ്യാൻ തീരുമാനിച്ചു.

4) ജീവനക്കാരുടെ ഐഡന്റിറ്റി കാർഡ് ഡിസംബർ 14ന് വിതരണം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

യോഗത്തിൽ ജില്ലാ ജോയിന്റ് സെക്രട്ടറി കെ.ഷിബുശങ്കർ നന്ദി രേഖപ്പെടുത്തി. യോഗനടപടികൾ 6.30ന് അവസാനിച്ചു.

അഭിവാദനങ്ങളോടെ,

**വി.കെ.സൂരജ്**
സെക്രട്ടറി

മലപ്പുറം
02-12-2016